# ശുദ്ധിയുടെ ഇനങ്ങൾ

ശുദ്ധിക്ക് വലിയ സ്ഥാനം നൽകിയ മതമാണ് ഇസ്‌ലാം. 'ഈമാനിൻെറ പകുതി ശുദ്ധിയാണ്' എന്ന് ഹദീഥിൽ വന്നിട്ടുണ്ട്.

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«الطُّهُورُ شَطْرُ الإِيمَانِ....»

'ശുദ്ധി ഈമാനിൻെറ പകുതിയാണ്......'

അല്ലാഹു ശുദ്ധിയില്ലാതെ ഏതൊരു നമസ്കാരവും സ്വീകരിക്കുകയില്ല, തീർച്ച.

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

«لاَ يَقْبَلُ الله صَلاَةً بِغَيْرِ طُهُورٍ. .......»

'ശുദ്ധിയില്ലാതെ ഒരു സമസ്കാരവും അല്ലാഹു സ്വീകരിക്കുകയില്ല' (മുസ്‌ലിം)

അതിനാൽ ശുദ്ധി കൈവരിക്കൽ ഒരു മുസ്‌ലിമിന് നിർബന്ധമാകുന്നു.

**ശുദ്ധി രണ്ടു വിധമാകുന്നു:**

**ആത്മീയശുദ്ധി:**
ശിർക്കിൻെറ മാലിന്യങ്ങളിൽനിന്നും അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിൽ നിന്നും മനസ്സിനെ ശുദ്ധമാക്കലാകുന്നു ആത്മീയ ശുദ്ധികൊണ്ടുള്ള വിവക്ഷ. അല്ലാഹു പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْمُشْرِكُونَ نَجَسٌ... (سورة التوبة:28)

'സത്യവിശ്വാസികളേ, ബഹുദൈവവിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു...' (വി.ഖു. 9:28)

**ഭൗതികശുദ്ധി:**
ശരീരം ചെറിയ അശുദ്ധിയിൽനിന്നും വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാകലും നമസ്കരിക്കുന്ന സ്ഥലവും വസ്ത്രവും നജസിൽ നിന്ന് ശുദ്ധിയാകലുമാകുന്നു ശാരീരിക ശുദ്ധികൊണ്ടുള്ള വിവക്ഷ.

തയ്യാറാക്കിയത്:
അബ്ദുൽ ജബ്ബാർ അബ്ദുല്ല